2341
28/2/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - അങ്കണവാടി ക്ഷേമനിധി ബോർഡ് - സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ക്ഷേമനിധിയുടെ വാർഷിക ഭരണത്തിനായി അനുവദിച്ചിട്ടുള്ള തുകയിൽ ഉൾപ്പെടുത്തി രണ്ടു ഗഡുക്കളായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം.103 /2015/സാനീവ

തീയതി, തിരുവനന്തപുരം : 21.02.2015

---

**പരാമർശം :** (1) 01.11.2014 - ന് സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

(2) 14.11.2014 - ലെ സാമൂഹ്യനീതി ഡയറക്ടറുടെ AWWF/D1-415/2014 നമ്പർ കത്ത്.

**ഉത്തരവ്**

അങ്കണവാടി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനായി കെൽട്രോണിന്റെ ആഭിമുഖ്യത്തിൽ 11 ലക്ഷം രൂപ ചെലവിൽ ഒരു സോഫ്റ്റ് വെയർ നടപ്പിലാക്കുവാൻ പരാമർശം (1) പ്രകാരം തീരുമാനിക്കുകയും, ടി തുക ക്ഷേമനിധിയുടെ വാർഷിക ഭരണത്തിനായി അനുവദിച്ചിട്ടുള്ള 10% തുകയിൽ ഉൾപ്പെടുത്തി 50% വീതം രണ്ടു ഗഡുക്കളായി അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അങ്കണവാടി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് 11 ലക്ഷം രൂപ ചെലവിൽ കെൽട്രോണിന്റെ ആഭിമുഖ്യത്തിൽ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനും പ്രസ്തുത തുക ക്ഷേമനിധിയുടെ വാർഷിക ഭരണത്തിനായുള്ള 10% തുകയിൽ ഉൾപ്പെടുത്തി 50% വീതം രണ്ടു ഗഡുക്കളായി രണ്ടു വർഷത്തെ വിഹിതത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
കെ.എം.ലീലാമണി.
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്(30.01.2014- ലെ 103183/WW2/14/Fin. നമ്പർ അനൗദ്യോഗിക കുറിപ്പ്)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ